**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 522** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>വ്യവസായ എസ്റ്റേറ്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പഞ്ചായത്തിന്റെ തന്നെ അധീനതയിൽ നിലനിർത്തി വ്യവസായ വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി വ്യവസായ സംരംഭങ്ങൾക്ക് അനുവദിച്ചുകൊണ്ട് വ്യവസായ എസ്റ്റേറ്റായി വികസിപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ വ്യവസായ വകുപ്പിൽ ലഭിച്ചിരുന്നു. എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലമായതിനാൽ, സർക്കാർ അംഗീകാരത്തിനായി മാതൃവകുപ്പ് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന അധികൃതരെ വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രസ്തുത അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന് കീഴിൽ ഇത്തരമൊരു വ്യവസായ എസ്റ്റേറ്റ് യാഥാർത്ഥ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തീർപ്പാക്കേണ്ട നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**